LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) നിർദ്ദിഷ്ട ഹിരിപ്പാട് മെഡിക്കൽ കോളേജിനായി പി.പി.പി മോഡൽ നടപ്പാക്കുന്നതിന് അടിസ്ഥാന സൗകര്യങ്ങളും നിർമ്മാണ പ്രവർത്തനങ്ങൾക്കും ധനം ശേഖരിച്ച് നടത്തുന്നതിന് 'ഇൻഫ്രാമെഡ് ' കമ്പനി രജിസ്ട്രാറിനുകീഴിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കമ്പനിയുടെ ഷെയർ 1000 രൂപ ക്രമത്തിൽ ധനം സ്വരൂപിക്കുന്നു. കൂടുതൽ കാര്യങ്ങൾ തീരുമാനിച്ചിട്ടില്ല.

(ബി&സി) നിർമ്മാണം പൂർത്തീകരിച്ച് പ്രവർത്തനം തുടങ്ങിയാൽ ദൈനംദിന പ്രവർത്തനങ്ങൾ നടത്തുന്നതിന് തിരു-കൊച്ചി ചാരിറ്റബിൾ ആക്ടിന്റെ പരിധിയിൽ 'KIMED' എന്ന ഒരു സൊസൈറ്റി ജില്ലാ രജിസ്ട്രാറിന് കീഴിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഷെയർ സംബന്ധിച്ച അന്തിമതീരുമാനം എടുത്തിട്ടില്ല. കൂടുതൽ വിവരങ്ങൾ ബൈലോയിൽ പറഞ്ഞിട്ടുണ്ട്. (കേരള ഗവൺമെന്റിന്റെ സൈറ്റിൽ ഹെൽത്ത് ഡിപ്പാർട്ടുമെന്റിന്റെ പേജിൽ ബൈലോ ലഭ്യമാണ്.)

(ഡി) എൻ.എച്ച്-ന്റെ സമീപം കരുവാറ്റയിലാണ് സ്ഥലം തീരുമാനിച്ചിരിക്കുന്നത്. അത് സർക്കാരിനുവേണ്ടി ഏറ്റെടുക്കാനുള്ള നടപടികൾ തുടരുന്നു.

മെഡിക്കൽ പി.ജി.വിദ്യാർത്ഥികൾക്കുള്ള സ്റ്റൈപ്പന്റ്

139 (804) ശ്രീ. എം. എ. ബേബി :
ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. റ്റി. വി. രാജേഷ് :
ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സ്വകാര്യ മെഡിക്കൽ കോളേജ് അധികൃതർ മെഡിക്കൽ പി.ജി. വിദ്യാർത്ഥികൾക്ക് സർക്കാർനിശ്ചയിച്ച സ്റ്റൈപ്പന്റ് നൽകുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സ്റ്റൈപ്പന്റ് സംബന്ധിച്ച മെഡിക്കൽ കൗൺസിലിന്റെ നിർദ്ദേശം എന്തായിരുന്നു എന്ന് വ്യക്തമാക്കുമോ ;

(സി) ന്യൂനപക്ഷപദവിയുള്ള മെഡിക്കൽ കോളേജുകൾ സ്റ്റൈപ്പന്റ് നൽകേണ്ടതില്ലെന്ന നിലപാട് സ്വീകരിച്ചിട്ടുണ്ടോ; ഇതുസംബന്ധിച്ച നയം വിശദമാക്കാമോ ;

(ഡി) സ്റ്റൈപ്പന്റ് നൽകുന്നകാര്യത്തിൽ സ്ഥാപനത്തിന്റെ പദവിക്ക് പ്രസക്തിയില്ലെന്നുള്ള ഹൈക്കോടതി വിധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) പി.ജി. വിദ്യാർത്ഥികൾക്ക് സ്റ്റൈപ്പന്റ് നൽകാതിരിക്കുന്ന മാനേജ്മെന്റുകൾ ഏതൊക്കെയാണ് ; ഇവർക്കെതിരെ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത് ; വ്യക്തമാക്കാമോ ?

ഉത്തരം

(എ & ബി) സ്റ്റൈപ്പന്റ് നൽകുന്നില്ലെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. 2015-16 അക്കാഡമിക വർഷം മുതൽ മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ മെഡിക്കൽ കോളേജുകളിൽ വിദ്യാർത്ഥികൾക്ക് നൽകിവരുന്ന സ്റ്റൈപ്പന്റ് ഉകതന്നെ സ്വാശ്രയ മാനേജ്മെന്റുകളും നൽകുന്നതാണ് എന്ന കാര്യം സർക്കാർ ഉറപ്പ് വരുത്തിയിട്ടുണ്ട്.

(സി) ഇല്ല.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) ഉത്തരം (എ) (ബി) എന്നിവയുടെ വെളിച്ചത്തിൽ ബാധകമല്ല.

മെഡിക്കൽ എയ്ഡഡ് മേഖലയിൽ കോഴ്സുകൾ ആരംഭിക്കുന്നതിന് അനുമതി

140 (805) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ മെഡിക്കൽ എയ്ഡഡ് മേഖലയിൽ ഏതെല്ലാം സ്ഥാപനങ്ങൾക്ക് ഏതെല്ലാം കോഴ്സുകൾ ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട് ; ജില്ല തിരിച്ചുള്ള ലിസ്റ്റ് ലഭ്യമാക്കാമോ ?

ഉത്തരം

മെഡിക്കൽ വിദ്യാഭ്യാസവകുപ്പിന്റെകീഴിൽ മെഡിക്കൽ എയ്ഡഡ് മേഖലയിൽ സ്ഥാപനങ്ങൾ തുടങ്ങിയിട്ടില്ല.

കോഴിക്കോട് മെഡിക്കൽ കോളേജിലെ സൗകര്യങ്ങൾ

141 (806) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് മെഡിക്കൽ കോളേജിലെ സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗത്തിൽ ഏതൊക്കെ വകുപ്പുകളാണ് പ്രവർത്തിക്കുന്നത് എന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly